1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അഞ്ചു കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതി.

2. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള വിവിധ പരിശീലന പരിപാടികൾ.

3. പ്രാക്തന ഗോത്ര വർഗ്ഗ കുട്ടികൾക്കുള്ള പഠനാ വിദ്യാഭ്യാസ പരിപാടി.

(സി) പട്ടികജാതിക്കാരുടെ ജീവിതനിലവാരം, അടിസ്ഥാനസൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഏറെക്കുറെ പര്യാപ്തമാണ്. ഇവ വേണ്ടത്ര ഫലപ്രദമല്ല എന്നു കണ്ടാൽ നിലവിലുള്ള പദ്ധതികളിൽ ഭേദഗതി വരുത്തുകയോ പുതിയ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം, അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതാണ്.

1. പ്രാക്തന ഗോത്ര കുടുംബങ്ങൾക്ക് താമസസൗകര്യം കുടിവെള്ളം, ശുചിത്വം, വെളിച്ചം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള 10 കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതി.

2. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള 10 കോടി രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (അധിക കേന്ദ്ര സഹായ പദ്ധതി).

3. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള 9 കോടി രൂപയുടെ പദ്ധതി (രണ്ടാം ഘട്ടം) (അധിക കേന്ദ്ര സഹായം).

4. പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പരിപാടികൾ.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

188 [1955] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങളുടെ അനുഭവത്തിലുള്ള ഭൂമി ലഭിക്കുന്നതിന് വേണ്ടി ഓരോ ജില്ലയിലും നാളിതുവരെ എത്ര അപേക്ഷകളാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഓരോ ജില്ലയിലും എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും, ആകെ എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ബാക്കിയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി എത്ര ഭൂമി ഓരോ ജില്ലയിലും എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ട്;

(ഇ) ഇങ്ങനെ വിതരണം ചെയ്യുന്നതിനുവേണ്ടി കണ്ടെത്തിയ ഭൂമിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച വനഭൂമി എത്രയെന്നും, റവന്യൂ ഭൂമി എത്രയെന്നും മറ്റേതെങ്കിലും പ്രോജക്ടിൽപ്പെടുന്ന ഭൂമി ഉണ്ടെങ്കിൽ അത് എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകിട്ടുന്നതുമായി ബന്ധപ്പെട്ട് കിട്ടിയ അപേക്ഷകളുടെ എണ്ണം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. 1975-ലെയും 1999-ലേയും ആദിവാസി ഭൂമി സംബന്ധിച്ച നിയമങ്ങൾ സുപ്രീം കോടതിയുടെ വിചാരണയിലാണ്. സുപ്രീംകോടതിയുടെ അന്തിമ വിധി വരുന്നതു വരെ ഇതിൻമേൽ നടപടി എടുക്കാൻ സാധിക്കുകയില്ല എന്ന് നിയമ വകുപ്പ് നിയമോപദേശം നൽകിയിട്ടുണ്ട്.

ഇപ്പോൾ വിതരണം ചെയ്യുന്ന ഭൂമി ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിലല്ല. ഐക്യജനാധിത്യമുന്നണിയുടെ പ്രകടന പത്രികയിലെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലും 2001 ഒക്ടോബർ 16-ാം തീയതി സംസ്ഥാന സർക്കാർ ആദിവാസി ദളിത് സമരസമിതിയുമായി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഇപ്പോൾ ഭൂമി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അനുബന്ധം †-ൽ ചേർത്തിരിക്കുന്ന 6437.05 ഏക്കർ ഭൂമിയിൽ സുഗന്ധഗിരി, പൂക്കോട് പ്രോജക്ടുകളിലേത് ഒഴിച്ചുള്ളവ റവന്യൂ ഭൂമി ഇനത്തിൽ വരുന്നു. ഇത് 5143.05 ഏക്കർ വീതം വരും. ഇതു കൂടാതെയാണ് 7693.2257 ഹെക്ടർ (19002 ഏക്കർ) വനഭൂമി. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി ആദിവാസികൾക്ക് പതിച്ചുനൽകുന്നതിലേക്കായി ചില ഉപാധികൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ വനഭൂമിയ്ക്ക് സുപ്രീംകോടതിയുടെ ഒരു വിധി പ്രകാരം ഏകദേശം 600 കോടി രൂപ വില നൽകണമെന്ന നിബന്ധന നീക്കി കിട്ടുന്നതിലേയ്ക്കായി സുപ്രീംകോടതിയിലേയ്ക്ക് പ്രത്യേകം ഹർജി നൽകിയിരിക്കുകയാണ്. പ്രോജക്ടുകളിലെ ഭൂമി 1294 ഏക്കർ കൂടി വിതരണത്തിന് ലഭ്യമാകുമെന്നാണ് കരുതുന്നത്.

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly